പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 22.06.2012 ൽ

ചോദ്യം നമ്പർ.2841 — മറുപടി നൽകേണ്ടിയിരുന്നത്

## തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>,, പി. തിലോത്തമൻ<br>,, കെ. അജിത്<br>ശ്രീമതി ഇ. എസ്. ബിജിമോൾ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ വെട്ടിചുരുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വെട്ടിച്ചുരുക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | എ) | ഇല്ല. ആവശ്യാധിഷ്ഠിത പദ്ധതിയാകയാൽ തൊഴിൽ ദിനങ്ങൾ വെട്ടിച്ചുരുക്കുവാൻ സാദ്ധ്യമല്ല. |
| ബി) | തൊഴിലുപകരണങ്ങളുടെ വാടകയിനത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ പ്രസ്തുത കുടിശ്ശിക ഓരോ ജില്ലയിലും എത്ര വീതം കൊടുത്തു തീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ ; | ബി) | തൊഴിലുപകരണങ്ങളുടെ വാടകയിനത്തിൽ മലപ്പുറം ജില്ലയിൽ 7.48 ലക്ഷം രൂപയും കോഴിക്കോട് ജില്ലയിൽ 5.86 ലക്ഷം രൂപയും വയനാട് ജില്ലയിൽ 3.52 ലക്ഷം രൂപയും കുടിശ്ശികയുണ്ട്. |
| സി) | പ്രസ്തുത പദ്ധതിയിൽ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ; | സി) | തൊഴിൽ സ്ഥലങ്ങളിൽ പ്രാഥമിക ശുശ്രൂഷ സൗകര്യം, ജലാശയങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുമ്പോൾ മുന്നൊരുക്കങ്ങൾ തുടങ്ങിയവ നൽകുന്നു. കൂടാതെ തൊഴിൽ സ്ഥലത്തു വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് ചികിത്സയും, ആശുപത്രി ചികിത്സയും, ആശുപത്രിയിലായിരിക്കുന്ന ദിവസങ്ങളിൽ തൊഴിൽ ആവശ്യപ്പെട്ട ദിനങ്ങൾക്ക് പകുതി വേതനവും നൽകുന്നു. തൊഴിലിടത്ത് വച്ച് അപകടമരണം സംഭവിക്കുകയോ, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ എക്സ്ഗ്രേഷ്യയായി 25000/- രൂപ നൽകുന്നു. തൊഴിലാളികളെ അനുഗമിക്കുന്ന കുട്ടികൾക്ക് അംഗവൈകല്യമോ മരണമോ സംഭവിച്ചാൽ പ്രസ്തുത കുടുംബത്തിന് എക്സ്ഗ്രേഷ്യ ലഭിക്കുന്നതിന് അർഹതയുണ്ട്. |
| ഡി) | വേതനവും തൊഴിലുപകരണങ്ങളുടെ വാടകയും പതിനാല് ദിവസത്തിനുള്ളിൽ കൊടുത്തു തീർക്കണമെന്ന് വ്യവസ്ഥയുണ്ടോ ; എങ്കിൽ പ്രസ്തുത വ്യവസ്ഥ പാലിക്കാറുണ്ടോ ? | ഡി) | ഉണ്ട്. എല്ലായിടത്തും കൃത്യമായി പാലിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ